പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2029 17.03.2015-ൽ മറുപടിയ്ക്ക്

## നാഷണൽ ഗെയിംസിനായുള്ള നിർമ്മിതികൾ ഭാവിയിൽ ഉപയോഗപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.സി.മോയിൻ കുട്ടി<br>ശ്രീ.പി.ബി.അബ്ദുൾ റസാക് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) നാഷണൽ ഗെയിംസിനു വേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങൾ ഉൾപ്പെടെയുള്ള നിർമ്മിതികൾ ഭാവിയിൽ ഏതൊക്കെ വിധത്തിൽ ഉപയോഗപ്പെടുത്താനാവുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) ഉണ്ട്. നാഷണൽ ഗെയിംസിനു വേണ്ടി നിർമ്മിച്ച 9 പുതിയ സ്റ്റേഡിയങ്ങളും 17 നവീകരിച്ച സ്റ്റേഡിയങ്ങളും കായിക ഉപകരണങ്ങളും 35-ാം ദേശീയ ഗെയിംസിലൂടെ കേരളത്തിന്റെ കായിക മേഖലയ്ക്ക് കൈമുതലായി ഭവിച്ചതിനാൽ അന്താരാഷ്ട്ര മത്സരങ്ങളിൽ മികച്ച വിജയം നേടുന്നതിന് കേരള താരങ്ങളെ പ്രാപ്തമാക്കും. ഫുട്ബോൾ, ക്രിക്കറ്റ്, ടെന്നീസ്, ഹോക്കി, വോളിബോൾ, സ്ക്വാഷ്, ഷൂട്ടിംഗ് തുടങ്ങിയ ഇനങ്ങളിലെ അന്താരാഷ്ട്ര മത്സരങ്ങൾക്ക് സമീപ ഭാവിയിൽ ഈ സ്റ്റേഡിയങ്ങൾ വേദികളാകുന്നതിലൂടെ ഈ ഇനങ്ങളിൽ കേരളത്തിലെ കായികതാരങ്ങൾക്കും, പൊതുജനങ്ങൾക്കും പുതിയ ഉണർവ്വ് കൈവരുന്നതാണ്. |
| (ബി) ഗെയിംസ് വില്ലേജിലെ കോട്ടേജുകൾ ഏതു രീതിയിൽ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) & (സി) ഇതു സംബന്ധിച്ച പദ്ധതി തയ്യാറാക്കിവരുന്നു. |
| (സി) ഗെയിംസിനായി വാങ്ങിയ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുവകകൾ ഉപയോഗപ്രദമായി വിനിയോഗിക്കുന്ന കാര്യം പരിശോധിച്ച് ശുപാർശ നൽകാൻ ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ധരുൾപ്പെട്ട സമിതിയെ നിയോഗിക്കുന്ന കാര്യം പരിശോധിക്കുമോ? | |

സെക്ഷൻ ഓഫീസർ